## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1053

02.12.2015-ലെ മറുപടിക്ക്

### ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലക്ക് ഊന്നൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലക്ക് ഊന്നൽ നൽകികൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്ന സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നതും വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ സ്വകാര്യമേഖയിലെ സ്ഥാപനങ്ങൾക്ക് റസിഡൻഷ്യൽ താരിഫ് നിരക്കിൽ വൈദ്യുതിയും. വെള്ളവും K.S.E.B, K.W.A എന്നീ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ യോഗ്യരായിട്ടുള്ള യൂണിറ്റുകൾക്ക് ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകി വരുന്നു. |
| (സി) പ്രസ്തുത സംരംഭകർക്ക് നൽകുന്ന വായ്പാപദ്ധതികൾ, സബ്സിഡി, ലക്ഷ്വറി ടാക്സ് ഇളവ് എന്നിവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | (സി) സംസ്ഥാന ടൂറിസം വകുപ്പിന് രണ്ട് തരത്തിലുള്ള സബ്സിഡി സ്കീമുകളാണ് നിലവിലുള്ളത്. ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും. എന്നാൽ വായ്പാപദ്ധതികൾ, ലക്ഷ്വറി ടാക്സ് ഇളവ് ഇവയൊന്നും വകുപ്പിന്റെ പരിധിയിൽപ്പെടുന്നതല്ല. |

Anuradha

സെക്ഷൻ ഓഫീസർ